# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4792** | **27-06-2014 ൽ മറുപടിയ്ക്ക്**

## പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കെട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കെട്ടുകളുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചത് പൊക്കാളി കൃഷിക്ക് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) 'കുഫോസ്' എന്ന സംഘടനയുടെ വൈസ് ചെയർമാന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി കരിനിലങ്ങളുടെ ചെമ്മീൻ കെട്ടുകൾ കാർഷിക കലണ്ടർ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ അവസാനത്തോടെ ഒഴിഞ്ഞുകൊടുക്കണമെന്ന ശുപാർശ ചെയ്തിട്ടും പ്രസ്തുത ശുപാർശയ്ക്ക് കടക വിരുദ്ധമായി നടപടികൾ സ്വീകരിക്കാൻ കാരണമെന്തെന്ന് വെളിപ്പെടുത്താമോ? | (ബി) കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) -ന്റെ വൈസ് ചാൻസലറുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ കൃഷി വകുപ്പിൽ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ഫിഷറീസ് വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ